## വെള്ളി വിഗ്രഹം

രാത്രിയുടെ ഏതോ യാമത്തിൽ
തോട്ടക്കാരൻ കാണാതെയും
നക്ഷത്രങ്ങളായ ജനക്കൂട്ടം അറിയാതെയും
ആകാശത്തേക്ക് കൈകൾ
ഉയർത്തി നിൽക്കുന്ന
ഈ വെള്ളി വിഗ്രഹം
ഇവിടെ പ്രതിഷ്ഠിച്ചതാരാണ്?





## നിറങ്ങളുടെ മൗനം

നിറങ്ങൾ ഇപ്പോൾ ധ്യാനത്തിലാണ്,
ശൈത്യകാല മൗനത്തിന്റെ
ഊർജ്ജത്തിൽ നിന്നും
ആയിരം നിറങ്ങളുമായി
വസന്തത്തെ വരവേൽക്കുവാൻ.









## ആശയക്കുഴപ്പം

സമയമെന്ന മിഥ്യാധാരണയെ തിരുത്താനും
ഉദയാസ്തമനങ്ങളെ
വേർതിരിക്കാനും കഴിയാതെ,
ഭൂമിയിലെ മണിക്കൂറുകൾ
ആകാശത്തുനോക്കി
തീരുമാനിക്കാതിരിക്കാൻ,
സൂര്യനുമേൽ ആധിപത്യം സ്ഥാപിച്ച്
ശൈത്യം മനുഷ്യരിൽ
ആശയക്കുഴപ്പം സൃഷ്ടിക്കുന്നു.

## നീഹാരമണികൾ

കാറ്റുറങ്ങുന്ന പായിൽ
നീഹാരമണികൾ എന്നും
വിതറാൻ ശരത്കാല
മേഘങ്ങൾ മറക്കാറില്ല.





## എന്റെ ഇഷ്ടം

**വസന്തത്തിൽ**
**പൂക്കാനാണാദ്യമെനിക്കിഷ്ടം,**
**തളിർക്കാൻ തിരക്കില്ലെനിക്ക്,**
**ഇതെന്റെ മാത്രം ഇഷ്ടം.**





# ഋതു പാരിതോഷികം

ശിശിരത്തിന്റെ നീണ്ടതും ക്രൂരവുമായ
അവഗണന ഇനി നമുക്ക് ഓർമ്മ മാത്രം;
വിപരീത വിന്യാസങ്ങൾ വിതറി
വിടപറയുന്ന ഋതുസംക്രമം
ഈ പുണ്യഭൂമിക്ക്
വസന്തത്തെ സമ്മാനിക്കുന്നു.
ഓരോ പുലരിയും ഓരോ പുതുദിനവും
ഇനി നമുക്കു സ്വന്തം.
പുഞ്ചിരി നല്കാനും
അത് ഏറ്റുവാങ്ങുവാനുമുള്ള പുണ്യകാലം.
ഓർക്കുക, ഈ പുണ്യതീർത്ഥത്തിലെ
കിളിക്കൊഞ്ചലും പുതുമലരിൻ
സുഗന്ധവും നമുക്കും കൂടിയുള്ളതാണ്.





## വഴിയോരങ്ങളിലെ സ്വപ്നങ്ങൾ

നിറക്കൂട്ടുകളുടെ അകമ്പടിയില്ലാത്ത
അസംഖ്യം സ്വപ്നങ്ങൾ ഈ വഴിയോരങ്ങളിൽ
വിരിയുകയും കൊഴിയുകയും ചെയ്യാറുണ്ട്.
കാർമേഘങ്ങളുടെ തണലും
വേനൽ മഴയുടെ കാരുണ്യവും
മാത്രമേ ഇവയ്ക്ക് തുണയായുള്ളു.






## കൗതുകം

വിടർന്നവയെക്കാൾ അഴക്
വിരിയാൻ ഒരുങ്ങുന്നവയ്ക്ക്.
പുലർന്നു മലർന്ന
പകലിനേക്കാൾ പുതുമ
പുലരാൻ തുടങ്ങുന്ന പുലരിക്ക്.
വിടവാങ്ങിയ നിമിഷത്തേക്കാൾ മധുരതരം,
പിറക്കുവാനുള്ള നിമിഷത്തിന്.
തഴുകിത്തലോടി മാഞ്ഞ
തെന്നലിനേക്കാൾ കുളിർമ
വീശുവാൻ വെമ്പുന്ന ഇളം കാറ്റിന്.
പെയ്തൊഴിഞ്ഞ മഴയേക്കാൾ
നനവ് ഈറൻ മേഘത്തിന്.
കണ്ടുമറഞ്ഞ കിനാക്കളേക്കാൾ
സുന്ദരം കാണാനിരിക്കുന്ന സ്വപ്നത്തിന്.
തൂകിയ ഹിമബിന്ദുക്കളേക്കാൾ
സുന്ദരം, കൊഴിയാൻ വെമ്പുന്ന
മഞ്ഞിൻ കണികകൾക്ക്.









## സ്വപ്നങ്ങളെ പ്രണയിക്കാം

**നിങ്ങളുടെ സ്വപ്നങ്ങളെ**
**പ്രണയിക്കൂ;**
**ഋതുക്കൾ അവയെ സദാ**
**പരിപോഷിപ്പിക്കും.**





## രൂപവും ശൂന്യതയും

**നിശ്ചലതയുടെ വേദികയിൽ**
**രൂപവും ശൂന്യതയും ആലിംഗനം ചെയ്യും.**

## മറ്റൊരാളുടെ കണ്ണുകൾ

**ചിലപ്പോൾ മറ്റൊരാളുടെ**
**കണ്ണുകൾ നമുക്ക് ആവശ്യമാണ്;**
**പുതുതായി കാണുവാൻ, പഠിക്കാൻ,**
**മറഞ്ഞിരിക്കുന്നവയെ ഗ്രഹിക്കാൻ,**
**കാഴ്ചയുള്ളവരായിരിക്കുമ്പോഴും**
**അന്ധരാകാതിരിക്കാൻ.**





## അന്തിമ സമർപ്പണം

ഓരോ വസന്തവും ഈ ദേവാങ്കണത്തിൽ
നിറച്ച എല്ലാ നിറക്കൂട്ടുകളും
പാരിതോഷികങ്ങളും
ഭൂമി ശരത്ക്കാല ബലിവേദികയിൽ
കാണിക്കയായി സമർപ്പിക്കും.



